DESPATCHED
On. 13/8/21....

3/8/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 331(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4316/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 3

ശ്രീ. സുഭാഷ്ചന്ദ്രൻ കെ.പി.,
കുരുപ്പയിൽ വീട്,
മച്ചിപ്ലാവ് വീട്,
അടിമാലി – 685 561. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്, 4–ാം നില, വികാസ് ഭവൻ, തിരുവനന്തപുരം. 695 033.
2. അപ്പീൽ അധികാരി & ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്, 4–ാം നില, വികാസ് ഭവൻ, തിരുവനന്തപുരം. 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.10.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.11.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.12.2019, 13.1.2020,28.12.2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.2.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 26.3.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.4.2021 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുഭാഷ്ചന്ദ്രൻ കെ.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ 26.10.2019–ലെ വിവരാവകാശ അപേക്ഷയ്ക്ക് പൂർണ്ണമല്ലാതെ നൽകിയ മറുപടിയ്ക്കെതിരെ

19.12.2019–ന് അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ അപ്പീൽ അപേക്ഷയ്ക്ക് മറുപടി ഒന്നും ലഭിക്കാത്തതിനെ തുടർന്ന് ഇ–മെയിലിലൂടെ ഡയറക്ടറെ അറിയിച്ചു എന്നും തുടർന്നും അപ്പീലിന് മറുപടി നൽകാത്തതിനാൽ വീണ്ടും പഴയ വിവരങ്ങൾ ചൂണ്ടികാട്ടി അപ്പീൽ സമർപ്പിച്ചു എന്നും ആയതിനെ തുടർന്ന് അപ്പീൽ അധികാരി നൽകിയ മറുപടി ആർ.ടി.ഐ അപേക്ഷക്കുള്ള മറുപടി അല്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും അടിയന്തിരമായി നൽകുവാനും മറുപടി നൽകിയതിൽ കാലവിളംബം വരുത്തിയതിന് നടപടി സ്വീകരിച്ച് അപ്പീൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച ഇതേ വിഷയത്തിൽ 26.7.2021 ന് അപ്പീൽ ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും കമ്മീഷൻ നേരിൽ കേട്ട് എ.പി. 330(1)/2021/എസ്.ഐ.സി നമ്പർ അപ്പീൽ ഹർജിയിന്മേൽ 29.7.2021 ന് പുറപ്പെടുവിച്ച ഉത്തരവിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് സൗജന്യമായി പകർപ്പുകൾ എടുക്കുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഉത്തരവായിട്ടുള്ളതിനാൽ ഈ അപ്പീൽ ഹർജിയിൽ പ്രത്യേകമായി ഉത്തരവുകൾ ഒന്നും ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 3–ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk